"ഭരണഭാഷ – മാതൃഭാഷ"

നം: എച്ച് 2/21500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 21/04/2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- ഓൺലൈൻ തസ്തിക നിർണയം 2018-19-വിവരശേഖരണം സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 19/04/2018 ലെ ഇതേ നമ്പർ കത്ത്

****

പരാമർശ വിഷയത്തെ സംബന്ധിച്ച് ചില ജില്ലകളിൽ നിന്ന് ഉന്നയിച്ച ഏതാനും സംശയങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുനന വിവരങ്ങൾ കൂടി അറിയിക്കുന്നു.

1) മാനേജുമെന്റുകളുടെ ആസ്ഥാന ഓഫീസ് സ്ഥിതി ചെയ്യുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറാണല്ലോ വിവരങ്ങൾ ശേഖരിക്കുന്നത്. വിദ്യാഭ്യാസ ജില്ലയിൽ മാനേജുമെന്റിന് ആസ്ഥാന ഓഫീസ് ഉണ്ടെങ്കിലും അവർക്ക് ആ വിദ്യാഭ്യാസ ജില്ലയിൽ ഒരു സ്കൂളും ഉണ്ടാകണമെന്നില്ല. അങ്ങനെയാണെങ്കിലും പ്രസ്തുത മാനേജുമെന്റിലെ സ്കൂൾ ലിസ്റ്റ് ശേഖരിക്കേണ്ടത് അതേ ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ്. (അതായത് എം.ഇ.എസ് കോർപ്പറേറ്റ് മാനേജർക്ക് കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽ സ്കൂളുകളില്ല. അങ്ങനെയാണെങ്കിൽ പോലും എം.ഇ.എസ് ന്റെ സ്കൂൾ ലിസ്റ്റ് ശേഖരിച്ച് സമർപ്പിക്കേണ്ടത് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ആഫീസർ ആണ്.)

2) ഒന്നിലധികം സ്കൂളുകളുള്ള മാനേജുമെന്റുകളുടെ (കോർപ്പറേറ്റും വ്യക്തിഗതവും) വിവരങ്ങൾ ആണല്ലോ ശേഖരിക്കുക. ചില മാനേജുമന്റുകൾക്ക് സ്വതന്ത്രപദവിയുള്ള ഒന്നിലധികം സ്കൂളുകൾ ഉണ്ടാകാം. ഇത്തരം സ്കൂളുകളുടെയും മാനേജുമെന്റുകളുടെയും വിവരങ്ങൾ ഫോറത്തിൽ ഉൾപ്പെടുത്തി അയക്കരുത്. (എന്നാൽ ഈ വിവരങ്ങളും മാതൃകാ ഫോറത്തിൽ തന്നെ ശേഖരിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിക്കുക. അവ വിദ്യാഭ്യാസ ഉപഡയറക്ടർക്കോ, ഡയറക്ടറേറ്റിലേക്കോ ഇപ്പോൾ അയക്കരുത്. ഭാവിയിൽ ആവശ്യം വന്നാൽ ഉപയോഗിക്കാം).

ഇന്നത്തെ (21/04/2018) യോഗത്തിൽ വച്ചു തന്നെ വിവരശേഖരണത്തിന്റെ കൃത്യമായ പ്ലാനിംഗ് നടക്കണം. ഒരു മാനേജുമെന്റും വിട്ടുപോകരുത്, യാതൊരു തരത്തിലുള്ള പിശകും ഉണ്ടാവുകയുമരുത്. അങ്ങനെ സംഭവിച്ചാൽ അത് നമ്മുടെ ഓൺലൈൻ തസ്തിക നിർണയ/നിയമനാംഗീകാര പദ്ധതിയെത്തന്നെ താളം തെറ്റിക്കുമെന്ന കാര്യം പ്രത്യേകം ഓർക്കുക. '30/04/2018' എന്ന കളക്ഷൻ തീയതിയിൽ മാറ്റമൊന്നും വരുത്താനാകില്ല എന്നതും ശ്രദ്ധിക്കണേ.

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ
   കൈറ്റ്, പൂജപ്പുര. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)